സിറാജ്

20 May 2017

# കേരളത്തിൽ മത്തി ലഭ്യത കുറയുന്നതായി പഠനം

**സ്വന്തം ലേഖകൻ**
കൊച്ചി

മത്തിയുടെ ലഭ്യതയിൽ സംസ്ഥാനത്ത് ഇത്തവണയും കുറവ്. 2012 വരെ ഏറെക്കാലം ലഭ്യതയിൽ ഒന്നാം സ്ഥാനത്തായിരുന്നു മത്തി. മത്തി കൂടാതെ അയലയുടെ ലഭ്യതയിലും കുറവുണ്ടായതായി കണ്ടെത്തി. കഴിഞ്ഞ വർഷം ഇന്ത്യൻ തീരങ്ങളിൽ നിന്ന് ലഭിച്ച മീനുകളുടെ അളവിൽ കേരളം നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. 2016ലെ സമുദ്ര മത്സ്യ ലഭ്യതയെ കുറിച്ച് കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി എം എഫ് ആർ ഐ) തയ്യാറാക്കിയ വാർഷിക പഠന റിപ്പോർട്ടിലാണ് ഇത് വ്യക്തമാക്കുന്നത്.

1998ന് ശേഷം സംസ്ഥാനത്ത് മത്തി ഇത്രയും കുറയുന്നത് ആദ്യമാണ്. മുൻ വർഷത്തെക്കാൾ 32.8 ശതമാനം കുറഞ്ഞ് 45,958 ടൺ മത്തിയാണ് കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്. 2015ൽ ഇത് 68,431 ആയിരുന്നു. 2012ൽ 3.9 ലക്ഷം ടൺ മത്തി കേരള തീരങ്ങളിൽ നിന്ന് ലഭിച്ചിരുന്നു. ഇതിന് ശേഷം ഓരോ വർഷവും മത്തിയുടെ ലഭ്യത കുറഞ്ഞുവരികയാണ്. കഴിഞ്ഞ വർഷം മാത്രം മത്തിയുടെ കുറവ് മൂലം 1300 കോടി നഷ്ടമാണ് സംസ്ഥാനത്തുണ്ടായത്. 2015നെ അപേക്ഷിച്ച് കഴിഞ്ഞ വർഷം അയലയുടെ ലഭ്യതയിൽ 33 ശതമാനം കുറവുണ്ടായതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 47,253 ടൺ അയലയാണ് കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്. മത്തിയും അയലയും കഴിഞ്ഞാൽ സാധാരണയായി കൂടുതൽ കാണപ്പെടുന്ന കിളിമീനിന്റെ ലഭ്യതയിലും ഇത്തവണ കുറവുണ്ടായിട്ടുണ്ട്.

മത്സ്യലഭ്യതയിൽ കേരളം ആദ്യമായാണ് നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെടുന്നത്. 2013 മുതൽ കേരളത്തിന് ഒന്നാം സ്ഥാനം നഷ്ടമായിരുന്നു. ഗുജറാത്ത് തന്നെയാണ് തുടർച്ചയായി നാലാം വർഷവും ഒന്നാം സ്ഥാനത്തുള്ളത്. തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ.

അതേസമയം, കേരളത്തിന്റെ മത്സ്യലഭ്യതയിൽ മുൻവർഷത്തേക്കാൾ എട്ട് ശതമാനം വർധനവുണ്ടായിട്ടുണ്ട്. 5.23 ലക്ഷം ടൺ മത്സ്യമാണ് 2016ൽ കേരള തീരത്ത് നിന്ന് ലഭിച്ചത്. 2015ൽ ഇത് 4.82 ലക്ഷം ടൺ ആയിരുന്നു. ഇതര മത്തി വർഗങ്ങൾ, തിരിയാൻ, പെർച്ച് മത്സ്യങ്ങൾ എന്നിവയിലുണ്ടായ വർധനവാണ് കേരളത്തിന്റെ മൊത്ത മത്സ്യലഭ്യതയിൽ ചെറിയ വർധനവിന് കാരണമായത്.

സി എം എഫ് ആർ ഐ കഴിഞ്ഞ വർഷം പുതുതായി കണ്ടെത്തിയ അയല വർഗത്തിൽ പെട്ട പുള്ളി അയല മത്സ്യം കേരള തീരങ്ങളിൽ നിന്ന് മാത്രമാണ് ലഭിച്ചത്. ആയിരം ടൺ പുള്ളി അയലയാണ് കഴിഞ്ഞ വർഷം ലഭിച്ചത്. സി എം എഫ് ആർ ഐയിലെ ഫിഷറീസ് റിസോഴ്സ് അസസ്മെന്റ് വിഭാഗമാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

## ദേശീയ തലത്തിൽ കൂടുതൽ ലഭിച്ചത് അയല

**കൊച്ചി:** രാജ്യത്ത് ഏറ്റവും കൂടുതൽ ലഭിച്ച മത്സ്യം ദേശീയ മത്സ്യമായ അയല. മൊത്തം 2.49 ലക്ഷം ടൺ അയലയാണ് കഴിഞ്ഞ വർഷം ഇന്ത്യയിൽ പിടിച്ചത്. 1999ന് ശേഷം ആദ്യമായാണ് അയല ലഭ്യതയിൽ ഇന്ത്യ ഒന്നാം സ്ഥാനത്തെത്തുന്നത്. കർണാടകയിൽ നിന്നാണ് അയല ഏറ്റവും കൂടുതൽ ലഭിച്ചതെന്ന് സി എം എഫ് ആർ ഐയുടെ വാർഷിക റിപ്പോർട്ട് പറയുന്നു.

ഇന്ത്യയിൽ മൊത്തമായി കഴിഞ്ഞ വർഷത്തെ സമുദ്ര മത്സ്യ ലഭ്യത 3.63 ദശലക്ഷം ടൺ ആണ്. മുൻ വർഷത്തെ അപേക്ഷിച്ച് 6.6 ശതമാനം വർധനവ് ഉണ്ടായി. ബംഗാളികളുടെ പ്രിയ മത്സ്യമായ ഹിൽസ വൻതോതിൽ വർധിച്ചതിനാൽ ബംഗാളിൽ മീൻ ലഭ്യത ഇരട്ടിയായി വർധിച്ചു. പ്രകൃതിക്ഷോഭം മൂലമുള്ള പ്രതികൂല കാലാവസ്ഥ കാരണം മത്സ്യബന്ധന ദിനങ്ങൾ കുറഞ്ഞതിനാൽ ആന്ധ്ര പ്രദേശ്, ഒറീസ എന്നീ സംസ്ഥാനങ്ങളിൽ മത്സ്യലഭ്യത ഗണ്യമായി കുറഞ്ഞതായും റിപ്പോർട്ട് പറയുന്നു.